## Index


| Nr | Song | |
|---|---|---|
| 1 | ബേത്‌ലഹേമിൻ പൊൻ താരകം | |
| 2 | ദൈവസുതൻ ജാതനായിതാ | |
| 3 | ഇടയർക്കിടയൻ വന്നു പിറന്നു | |
| 4 | താരകം പൊൻ താരകം | |
| 5 | വിണ്ണിൽ പുതിയൊരു താരം | |
| 6 | പൊന്നു മൂരു കുന്തിരിക്കം | |
| 7 | ഇമ്മാനുവേലിന്നു മന്നിൽ | |
| 8 | ഗഗന തലേ | |
| 9 | വാ വാ കൂട്ടരേ | |
| 10 | ബേത്‌ലഹേമിലിന്നിതാ ദേവദാരു | |
| 11 | പാടി സ്തുതിക്കാം നാം | |
| 12 | ഉണ്ണിയേശു പിറന്ന ദിനം | |
| 13 | മഞ്ഞു പെയ്യും മാമലതൻ | |
| 14 | മിന്നും താരം | |
| 15 | നസ്രയനാം യേശുവേ | |
| 16 | ദാവീദിൻ സുതൻ യേശുവിതാ | |
| 17 | ഇസ്രയേലിൻ നാഥൻ | |
| 18 | രാജാവ് ബേത്‌ലഹേമിൽ | |
| 19 | ആരോ .. ആരാരോ ... | |
| 20 | ഹാലേലുയ്യാ പാടീടാം | |
| 21 | ബേതലഹേമിലെ പുൽക്കൂടു | |
| 22 | ഹാലേലുയ്യ ഹാലേലുയ്യ | |
| 23 | ദൈവം പിറന്നല്ലോ | |
| 24 | നാമൊന്നായ് കൂടി | |
| 25 | തപ്പുകൊട്ടി പാടിടാം | |
| 26 | ഇടയർക്കിടയൻ വന്നു | |
| 27 | ഒരുമയിലൊന്നായ് | |
| 28 | മഹിമയെഴും മഹാരാജൻ | |
| 29 | പുത്തൻ പുലരി വിടർന്നു | |
| 30 | മേലേ വാനിൽ ദൂരെ താരം | |
| 31 | മഞ്ഞേറ്റു വിരിയുന്ന | |
| 32 | ജന്മാഹെ മുക്തി | |
| 33 | ചമകാ സിതാര | |
| 34 | Oh come all ye faithful | |
| 35 | Joy to the world | |
| | പുതുവൽസരാസംശകൾ | |

## Song 1

ബേത്‌ലഹേമിൻ പൊൻ താരകം
മേഘങ്ങളിൽ തിളങ്ങി നിന്നു
ആ...രാവതിൽ സ...ന്ദേശമായ്
ഭൂ...ജാതനായ് ലോ...കാധിപൻ

രാജാധിരാജൻ പിറന്ന വാർത്തയാൽ
കൊട്ടാരവും വിറച്ചു നിൽക്കവേ
അജഗണങ്ങൾക്കഭയമായൊ –
രരുമനാഥനരികിലേക്ക്
ദൂരമെത്രയോ താണ്ടിവന്നിതാ
മൂന്നു മന്നവർ വണങ്ങിനിന്നവർ
(ബേത്‌ലഹേമിൻ ...)

പാരിന്റെ നാഥൻ പിറന്നു ഭൂമിയിൽ
മാലാഖമാർ നിരന്നു വാനതിൽ
അജപാലകരോടുവാർത്ത –
യോതിയാർത്തു പാടി ദിവ്യ
ആമോദമായ് ഉണർന്നു യാത്രയായ്
ദിവ്യപൈതലേ ഉണർന്നു മോദമായ്
(ബേത്‌ലഹേമിൻ ..)

## Song 2

ദൈവസുതൻ ജാതനായിതാ .. ഭൂവാസികൾക്കിനി
ഭൂതലത്തിൽ ശാന്തിയേകിടാൻ
കന്യകയിൽ വന്നുദിച്ചിതാ .. ഇന്നുരാവിലായ്
മന്നിടത്തിലിന്നു മോദമായ്

പാടിടാം പാടിടാം ദേവദേവനായ്
പോയിടാം പോയിടാം ബേതലേം പുരേ
ഉന്മാ....ദമായ് ഉല്ലാ....സമായ്
ഉന്നതം വെടിഞ്ഞു വന്ന മന്നവനായ് നാം

മാനവും മഹത്വമോടവൻ
സ്വർഗ്ഗ ദൂതർ വാഴ്ത്തിടും സുതൻ
താണു വന്നു ദാസവേഷമായ്
സർവ്വവും വെടിഞ്ഞു വെറുമയായ്
(പാടിടാം പാടിടാം ..)

വാനദൂതർ സംഘമിന്നിതാ ..
വാനിടം തുറന്നു ഭൂമിയിൽ
ദേവഗാനമാർത്തു മോദമായ് ..
ആട്ടിടയരേറ്റു പാടുവാൻ
(പാടിടാം പാടിടാം ..)

## Song 3

ഇടയർക്കിടയൻ വന്നു പിറന്നൂ
ബേതലഹേം പുരിയിൽ
രാജകന്മാർക്കധിപനിതല്ലോ യേശുമഹാരാജൻ
കന്യകതന്നുടെ കണ്മണിയായിതാ
കാലികൾ തൻ നടുവിൽ
കാരുണ്യത്തിൻ കലവറയാണീ കരുണാമയനീശൻ

അത്യുന്നതിയിൽ ദൈവമഹത്വം പാടിയ വാനവരും
ആടിനെ മേയ്ച്ചുനടന്നു വലഞ്ഞൊരു ആട്ടിടയന്മാരും
ഒന്നായ് ചേർന്നിതാ നാഥനുറങ്ങാൻ മെത്തയൊരുക്കുന്നു
പുൽ മെത്തയൊരുക്കുന്നു (ഇടയർക്കിടയൻ ....)

സീനായ് മലയിൽ മുളച്ചുവളർന്നൊരു
മുൾച്ചെടി തന്നിലിതാ
ശാലേം പനിനീർ പൂവുവിടർന്നീ പാതിരനേരമതിൽ
സ്നേഹമെഴും നൽ പരിമളമാകെ പാരിലൊഴുക്കുന്നു
ഈ പാരിലൊഴുക്കുന്നു (ഇടയർക്കിടയൻ ....)

## Song 4

താരകം പൊൻ താരകം
പൊൻ താരകം മിന്നീ
ബേത്‌ലഹേമിൽ രാജകുമാരൻ
കണ്ണുകൾ ചിമ്മീ

അട്ടിടയന്മാർ മലമേടുകളിൽ
അതി ക്ഷീണിതരായുറങ്ങി
ഗായകരോതിയ വാർത്തയറിഞ്ഞവർ
പുൽക്കുടിൽ തേടിയെത്തി
(താരകം...)

ആ രാത്രിയതിൽ മരുഭൂമിയതിൽ
മൂന്നു മന്നവരാഗതരായ്
രാജകുമാരനു കാഴ്ച്ചകളേകി
താണു വണങ്ങിയവർ
(താരകം...)

## Song 5

വിണ്ണിൽ പുതിയൊരു താരം
ശോഭയാർന്നൊരു ദീപമായ് .. മിന്നിത്തിളങ്ങി നിന്നു
ബേതലഹേമിലീരാവിൽ
യേശുരാജൻ ജാതനിതായ് ..കാലികൾ തൻ നടുവിൽ
(വിണ്ണിൽ പുതിയൊരു താരം..)

വിദ്വാന്മാരവർ മൂവരവർ .. അൽഭുതതാരമതാൽ
വഴിപതറാതെ .. മനമിടറാതെ
കാഴ്ചകളാൽ സവിധേ
ദൂരെദൂരെയവർ .. പൂർവദേശനിവാസികളായ്
പരനുടെ ജനനം .. മനമതിൽ മനനം
ചെയ്തവർ സുരവരനായ്
(വിണ്ണിൽ പുതിയൊരു താരം..)

ആർത്തുപാടിയൊരജപാലർ .. സുരപതിപൈതലിനായ്
ഇരുളറിയാതെ .. അഴലറിയാതെ
സവിധമണഞ്ഞരികിൽ
ലോകരക്ഷകനായ് .. പാപശാപവിനാശകനായ്
ജനനിയിലുരുവായ് .. ധരണിയിൽ നാഥൻ
അഖിലവിമോചകനായ്
(വിണ്ണിൽ പുതിയൊരു താരം..)

## Song 6

പൊന്നു മൂരു കുന്തിരിക്കം
നാഥന്നു കാഴ്ചയേകാൻ
കിഴക്കുള്ള ശാസ്ത്രികൾ മൂന്നും
മിന്നും താരം വാനിൽ കണ്ടു
താരം നോക്കി യാത്രയായി
ബേതലഹേം പുൽക്കൂട്ടിൽ വന്നു (2)

ഹാലേലുയ്യാ പാടും മാലാഖമാരുമൊത്ത്
നാഥനെ വാഴ്ത്തിടുന്നു മോദമോടവർ
കീറ്റു ശീലയിൽ പൊതിഞ്ഞോ-
        രുണ്ണിയെ കാണുവാൻ (2)
ആട്ടിടയർ കൂട്ടമായി വന്നണയുന്നു
                                        (പൊന്നു മൂരു...)

മർത്ത്യപാപം പോക്കിടുവാൻ മാനവരെ നേടിടുവാൻ
മൃത്യുവെ ജയിച്ചുയർത്ത ക്രിസ്തുവാണിവൻ
പാപികൾക്ക് രക്ഷ നൽകി -
        രോഗികൾക്കു സൗഖ്യമേകി (2)
പീഡിതർക്കാശ്വാസമേകാൻ വന്നതാണിവൻ
                                        (പൊന്നു മൂരു...)

## Song 7

ഇമ്മാനുവേലിന്നു മന്നിൽ ജാതനായ്
സമ്മോദമോടെ നാം ഉൽഘോഷിച്ചിടാം
എന്നാളും നമ്മോടു കൂടെ വസിപ്പാൻ
മന്നാധി മന്നവൻ...കന്യക തന്നിൽ

സ്തുതിച്ചിടാം നാം ദൈവജനമേ
മഹത്വ രാജൻ വരവതിനാൽ
ഗമിച്ചിടാം നാം ഗോശാല തന്നിൽ
നമിച്ചിടാം നാം കാഴ്ചകളാലെ..
(ഇമ്മാനുവേലിന്നു...)

മന്നരിൻ ശാപങ്ങളം നീക്കിടുവാൻ ഭൂവിൽ
സ്വർലോക വാസം വെടിഞ്ഞു വന്നു
അന്ധ തമസ്സിലായ് ആർന്ന ജനത്തിന്നായ്
അൽഭുതമാം പ്രഭയേകി വന്നു
(സ്തുതിച്ചിടാം...)

അദ്ധ്വാനിക്കുന്നോർക്കും ഭാരം ചുമപ്പോർക്കും
ആശ്വാസ ദായകൻ യേശു ദേവൻ
ദു:ഖിതർ പീഡിതർ ആലംബഹീനർക്കും
സ്വർഗ്ഗ വാതിൽ തുറന്നേകി വന്നു
(സ്തുതിച്ചിടാം...)

## Song 8

ഗഗന തലേ താരം ഒന്നുദിച്ചുയർന്നു കണ്ടുവൊ
മനുജരെ മയങ്ങിടുവാൻ സമയം ഇല്ലെന്നോർക്കുക
ധരണി തലേ കന്യകതൻ കണ്മണി പിറന്നിതാ
മന്നവനെ വാഴ്ത്തിടുവാൻ വരിക ചാരെ സോദരേ

ശത്രുവെ തകർത്തു നമ്മെ മിത്രമാക്കി തീർക്കുവാൻ
പുത്രനെ അയച്ച ദൈവനാമത്തെ പുകഴ്ത്തിടാം
മരണഭയം വേണ്ടിനിയും മനുജരെ നമുക്കിനി
മരണത്തെ ജയിക്കുവാനായ് ഈശോ വന്നിതാ
(ഗഗന തലേ ..)

കാലമെത്ര കാത്തിരുന്ന കർത്തനെ നിൻ വരവിനായ്
കന്യകയിൽ വന്നുദിച്ചു കനക താരമായി നീ
കളങ്കമില്ല നിന്റെ രക്തം ഞങ്ങളെ നിൻ സന്നിധെ
കടങ്ങൾ പോക്കി നിർത്തുവാനായ് പ്രാപ്തനാക്കി നീ
(ഗഗന തലേ ..)

## Song 9

വാ വാ കൂട്ടരേ വാഴ്ത്തിപ്പാടാം കൂട്ടമായ്
വാനിൽ താരമുദിച്ചു
പാപം പോക്കിടാൻ പാപി നമ്മെ നേടുവാൻ
പാതിരാവിൽ ദൈവം ജനിച്ചു

വാനദൂതർ ... ഹാലേലൂയ്യാ
വാഴ്ത്തിപ്പാടി... ഹാലേലൂയ്യാ
മാനവരെ .... ഹാലേലൂയ്യാ
നാമും വാഴ്ത്തിടാം (2)

താരം കണ്ട രാജാക്കൾ ചാരേ വന്നു മോദമായ്
പൊന്നു മൂരു കുന്തിരിക്കം കാഴ്ച്ചയായിതാ
ആട്ടിടയർ കൂട്ടമായ് പാട്ടു പാടി വന്നിതാ
സർവ്വ ലോക നഥനെ സ്തുതിച്ചിടുന്നിതാ
(വാനദൂതർ .. വാ വാ കൂട്ടരേ..)

ആദം ചെയ്ത പാപങ്ങൾ ആദ്യജാതൻ തീർത്തതാൽ
ആർത്തു പാടി വാഴ്ത്തിടാം നമുക്കു കൂട്ടരേ
തപ്പു കൊട്ടി പാടിടാം തംബുരുവും മീട്ടിടാം
താണു വന്ന ഉണ്ണിയീശോയെ വണങ്ങിടാം
(വാനദൂതർ .. വാ വാ കൂട്ടരേ..)

## Song 10

ബേത്‌ലഹേമിലിന്നിതാ ദേവദാരു പൂക്കവെ
താരകക്കുരുന്നുകൾ കണ്ണുചിമ്മി നിൽക്കവെ
രക്ഷകൻ പിറന്നിതാ മണ്ണിലോ പ്രകാശമായ്
സ്വർഗ്ഗമിന്നു ഭൂവിലേക്കിറങ്ങി വരികയായ്
(രക്ഷകൻ ..)

മഞ്ഞു വീണ വീഥിയിൽ നിറഞ്ഞു പൂമണം
വെണ്ണിലാവതിൻ ല..ല..ല്ല
വർണ്ണ കമ്പളം ല..ല..ല്ല
വിണ്ണതിൽ തിളങ്ങിനിൽക്കുമാർദ്ര താരകം
പുൽതൊഴുത്തിലോ ല..ല..ല്ല
വർണ്ണമേളനം ല..ല..ല്ല
മണ്ണിതിൽ മാനവർക്കെന്തു ഭാഗ്യവും
(ബേത്‌ലഹേമിലിന്നിതാ..)

കുഞ്ഞുമൈനകൾ പർകന്ന സംഘഗാനവും
കാട്ടുചോലതൻ ല..ല..ല്ല
കീർത്തനങ്ങളും ല..ല..ല്ല
മൂന്നു വിദ്വരന്നു വന്നിടുന്നു മോദമായ്
താണിറങ്ങിയാ ല..ല..ല
ദിവ്യതാരകം ല..ല..ല
പുൽക്കുടിൽ സ്വർഗ്ഗമായ് തീർന്ന രാവിതാ
(ബേത്‌ലഹേമിലിന്നിതാ..)

## Song 11

പാടി സ്തുതിക്കാം നാം പാടി സ്തുതിക്കാം
രാജരാജനേ സ്തുതിച്ചീടാം
വിണ്ണിൻ ലോകം വിട്ടീ മണ്ണിൽ വന്നതാം
മന്നവനെ പാടി സ്തുതിക്കാം

ആദം ചെയ്ത പാപം പോക്കി നമ്മേയും
വീണ്ടെടുത്ത സ്നേഹമോർക്കുമ്പോൾ
ഉള്ളം തുള്ളുന്നേ സന്തോഷമോടിതാ
നന്ദിയോടെ പാടി സ്തുതിക്കാം
(പാടി സ്തുതിക്കാം ..)

സ്വർഗ്ഗ വാതിൽ തുറന്നാ വാനദൂതരും
താണുവന്നീ താഴ്വരയതിൽ
ഹാലേലുയ്യ പാടി വാഴ്ത്തിടുന്നൊരു
നാഥനെ നാം പാടി സ്തുതിക്കാം
(പാടി സ്തുതിക്കാം ..)

ദിവ്യതാരം കണ്ടാ രാജക്കന്മാരും
കാഴ്ച്ചയുമായ് അരികിലെത്തി
ആട്ടിടയർ വാഴ്ത്തി പുകഴ്ത്തിടുന്ന
നല്ലിടയനേ സ്തുതിച്ചീടാം
(പാടി സ്തുതിക്കാം ..)

## Song 12

ഉണ്ണിയേശു പിറന്ന ദിനം സാദരം കൊണ്ടാടിടാം
ഹല്ലേലുയ്യ ഹലേലുയ്യ
ദൈവസുതൻ ജാതനായ പൊൻദിനം കൊണ്ടാടിടാം
ഹലേലുയ്യ ഹലേലുയ്യ
ലോകമാകെ ഉത്സവം ക്രിസ്തുമസ്സിൻ ഉത്സവം
ലോകരാകെ സന്തോഷത്തേരേറലായ്
ആ ദിനത്തിൽ ഈ ദിനത്തിൽ
പാരിടത്തിൽ ഭൂതലത്തിൽ
ഉത്സവമായ് (2) ഉല്ലാസമായ് (2)
സന്തോഷമായ് (2) സംഗീതമായ് (2)
മെറി ക്രിസ്ത്‌മസ് ഹാപ്പി ന്യൂ ഈയർ (ഉണ്ണിയേശു..)

മാനത്തെ താരഗണം നായകനു സ്തുതി പാടി
നർത്തനമാടുന്നുണ്ട് കൺകൾ ചിമ്മി
താഴത്തെ മാനുജരും യേശുവിനെ സ്തോത്രമാല
ഗീതങ്ങൾ ഉരുവിടുന്നു ഭക്തമനസ്സാൽ
കാറ്റു പാടിയതും യേശുവിന്റെ ശരണമന്ത്രം
കിളിചിലച്ചതുമീ ഗായകന്റെ നാമമന്ത്രം
കാട്ടാറും കാർവണ്ടും കാതോരം ചൊല്ലി.. ഹല്ലേലുയ്യ
സ്തോത്രം പാടി (2) വാഴ്ത്തി പാടി (2)
സ്തുതികളോതി (2) യേശുനായകനെ
മെറി ക്രിസ്ത്‌മസ് ഹാപ്പി ന്യൂ ഈയർ (ഉണ്ണിയേശു..)

അലറും കടലതിലുയരും തിരമാലകൾ കരപുണരും
നേരം മന്ത്രിച്ചിടുന്നു മെറി ക്രിസ്ത്‌മസ്
പൂവും പൂമ്പാറ്റകളും പുൽകൊടിയും പുലരൊളിയും
പുഞ്ചിരിയാൽ പാടിടുന്നു മെറി ക്രിസ്ത്‌മസ്
മന്ദമാരുതന്റെ ചുണ്ടിലുണ്ട് മെറി ക്രിസ്ത്‌മസ്
അന്തിവെയിലിൻ നിറചാന്തിലുണ്ട് മെറി ക്രിസ്ത്‌മസ്
ലോകത്തിൻ നായകൻ രാജാധിരാജൻ പിറന്നദിനം
വന്നരികെ (2) ഇന്നരികെ (2)
ചെന്നരികെ (2) കൂടെ കൂട്ടിടാൻ
മെറി ക്രിസ്ത്‌മസ് ഹാപ്പി ന്യൂ ഈയർ (ഉണ്ണിയേശു..)

## Song 13

മഞ്ഞുപെയ്യും മാമലതൻ താഴ്‌വരയിലായ്
മോദമോടെ ദൈവദൂതർ പാടും വേളയിൽ
നിദ്രവിട്ടുണർന്നിടയരോടു ചൊല്ലി ദൈവദൂതർ
ഭീതി വേണ്ട നിങ്ങൾക്കായ് യേശു പിറന്നു(2)

യേശു പിറന്നേ ഉണ്ണിയേശു പിറന്നേ
ബേതലഹേം പുൽക്കൂടൊന്നിൽ യേശുപിറന്നേ
മണ്ണിൻ പാപം പോക്കിടുവാൻ
വിണ്ണിൽ നമ്മെ ചേർത്തിടുവാൻ
വിൺമഹിമ വിട്ടു മണ്ണിൽ യേശുപിറന്നേ

ആട്ടിടയർ ആമോദത്താൽ ആർത്തുപാടിയാ
നാഥനെ സ്തുതിച്ചിടുന്നു ചാരെ വന്നിതാ
ദിവ്യതാരം കണ്ടു വന്ന
രാജാക്കന്മാർ മൂന്നുപേരും
കാഴ്ച്ചവച്ചു സന്നിധേ വണങ്ങിടുന്നിതാ
(യേശു പിറന്നേ ..)

നാഗ പത്തിയെ തകർത്ത നാരിതൻ സുതൻ
നാകം നമുക്കായ് തുറന്ന നല്ല രക്ഷകൻ
നിത്യജീവൻ നൽകിടുന്ന
പുത്രനാണീ യേശുദേവൻ
സത്യപാത കാട്ടിടുന്ന നല്ലിടയനും
(യേശു പിറന്നേ ..)

## Song 14

മിന്നും താരം തെന്നി തെന്നി പോകുന്നു
നീലാകാശമതിൽ (2)
താഴെ രാജാക്കൾ താരം നോക്കിപ്പോകുന്നു
ബേതലേം പട്ടണത്തിൽ (2)

ഹാ...ഹല്ലേലുയ്യ പാടാം...
ആഹാ...ഹല്ലേലുയ്യ പാടാം...
മന്നവനേശു മന്നിടത്തിൽ പിറന്നു
മറിയത്തിൻ പൊന്മകനായ്.. (2)

കൊട്ടാരം തന്നിൽ രാജനെ തിരഞ്ഞവർ
കണ്ടില്ലവിടെങ്ങും...(2)
കാലത്തിൻ സ്വപ്നം കാലിത്തൊഴുത്തിൽ
കന്യക തൻ മടിയിൽ (2)
ഹാ...ഹല്ലേലുയ്യ ...

പുൽക്കൂടിൻ മീതെ താരം വന്നു നിന്നു
പൈതലാം യേശുവിനെ (2)
രാജക്കൾ മൂവർ താണു വീണു വണങ്ങി
കാഴ്ചകളേകിടുന്നു (2)
ഹാ...ഹല്ലേലുയ്യ ...

## Song 15

നസ്രായനാം യേശുവേ ഇസ്രയേലിൻ നായകാ
നരരെ നേടിടുവാൻ നാകം വിട്ടു വന്നു നീ
പരനെ ഞങ്ങളിതാ വന്നിടുന്നു സന്നിധേ
നിൻ നാമം പാടി പുകഴ്ത്തീടുവാൻ
നിൻ പാദം തൊട്ടു വണങ്ങീടുവാൻ (2)

കൊട്ടാര വാതിൽ തുറന്നില്ല നിനക്കായ്
സത്രങ്ങളോ ഇടം തന്നില്ല പിറക്കാൻ (2)
ഭൂലോകം മെനഞ്ഞവന്
വെറും പുൽക്കൂടു മാത്രമായി (2)
(നസ്രായനാം ..)

മാലഖ വൃന്ദങ്ങൾ ആമോദം പാടി
മാലോകർക്കാനന്ദമേകിയാ രാവിൽ (2)
ഇടയന്മാർ ചാരേ വന്നു
സ്തോത്ര ഗാനങ്ങൾ പാടിനിന്നു (2)
(നസ്രായനാം ..)

## Song 16

ദാവീതിൻ സുതൻ യേശുവിതാ
ശിശുവായ് ഈ ധരയിൽ
അനാദിയായൊരു വചനമിതാ
മനുകുല രക്ഷകനായ് (2)

മന്നിടെ താണു വന്നവൻ ..
സർവ്വ മന്നരിൽ മന്നവൻ
കന്യക മേരി തൽകരം പൂകി
പുൽകൂടിൽ വന്നിതാ

പോയിടാം യേശുവിനായ്
സ്തുതി പാടിടാം യേശുവിനായ്
ഹാലേലുയ്യാ...പാടിടാമേശുവിനായ് (2)
(ദാവീതിൻ സുതൻ..)

ശാന്തിയും ദൈവ പ്രീതിയും
സർവ്വ ലോകരും നേടിടാൻ
വാനിടെ സർവ്വ ദൂതരും
ചേർന്നു പാടി തൻ ഗ്ലോറിയാ
(പോയിടാം... ദാവീതിൻ സുതൻ..)

## Song 17

ഇസ്രായേലിൻ നാഥൻ യേശുമഹാരാജൻ
ഇദ്ധരയിൽ അവതരിച്ചു
സ്തുതികൾക്കു യോഗ്യൻ അത്യുന്നത പുത്രൻ
ഹാലേലുയ്യ പാടുക നാം

വാനദൂതർ ഭൂവിൽ താണിറങ്ങി വന്നു
മോദമോടെ പാടിടുന്നു നാഥനെ നമിച്ചിടുന്നു
(ഇസ്രായേലിൻ ...)

അദ്ധ്വാനിച്ചവശരായ് അലഞ്ഞിടുന്നോരെ
ആശ്വാസം തരുമവൻ അരികത്തണഞ്ഞിടുമ്പോൾ
(ഇസ്രായേലിൻ ...)

പാപത്തെ വെറുക്കും പാപിയിൽ കനിയും
പരമരക്ഷകൻ നമ്മെ നടത്തിടും അനുദിനം
(ഇസ്രായേലിൻ ...)

മറിയത്തിൻ മകൻ നമ്മെ വീണ്ടെടുത്തതിനാൽ
മരണത്തിൻ മറ നമ്മീന്നകന്നല്ലോ മനുജരെ
(ഇസ്രായേലിൻ ...)

ആർപ്പോടിന്നവനെ നാം ആരാധിച്ചീടാം
തപ്പിനാലും, വീണയാലും, കിന്നരത്താലും
സ്തുതിക്കാം (ഇസ്രായേലിൻ ...)

## Song 18

രാജാവ് ബേതലഹേമിൽ
ഭൂജാതം ചെയ്തീ രാവിൽ
മനുഷ്യനായി....മണ്ണിൻ വെളിച്ചമായി
മാലാഖാ വൃന്ദം പാടി
ദേവന്നായ് സ്തുതിയും ഭൂവിൽ
നരന്നു ശാന്തി...നേർന്നു പറന്നു നിന്നു...

പാടീടാം...ആമോദത്താൽ
ആർത്തീടാം..നാഥനെ വാഴ്ത്താം
സുരലോകം വിട്ടീ ഭൂവിൽ
വന്നവനേ വാഴ്ത്തീടാം (രാജാവ്...)

താരം കാട്ടിയ വഴിയേ രാജക്കന്മാർ വന്നു
പൊന്നു മൂരു കുന്തിരിക്കം കാഴ്ചയുമായ് നിന്നു
ആട്ടിടയർ പുൽത്തൊഴുത്തിൽ വന്നു നൃപനെ കണ്ടു
വാനവരൊ പാട്ടുപാടി മോദമായ് നിന്നു

സ്തുതി പാടാം ആർത്തുതാളലയത്തിലവനെവാഴ്ത്താം
പാടീടാം നാദവൈഭവമാർന്ന പുളകിതഗാനം
(പാടീടാം...ആമോദത്താൽ... രാജാവ്..)

സുരപഥമാകെ വാക്കാൽ സൃഷ്ടിച്ചൊരു ദേവൻ
സുസ്മിതമീത്തൊഴുത്തിൽ നരനായ് കണ്ടു നമ്മൾ
വാനഗണങ്ങളവനോ നൽകിയതൽഭുത താരം
കാഹളധാര വിണ്ണിൽ പാടിയൊഴുക്കി ദൂതർ

സ്തുതി പാടാം ആർത്തുതാളലയത്തിലവനെവാഴ്ത്താം
പാടീടാം നാദവൈഭവമാർന്ന പുളകിതഗാനം
(പാടീടാം...ആമോദത്താൽ... രാജാവ്..)

## Song 19

ആരോ .. ആരാരോ ... വാനദൂതഗണങ്ങൾ
ആരോ .. ആരാരോ ... പാടുന്നു ഹാലേലുയ്യ
ആരോ .. ആരാരോ ... ആട്ടിടയന്മാരിതാ
ആരോ .. ആരാരോ ... പാടുന്നു മോദമോടെ

താരം വിണ്ണിലുദിച്ചപ്പോളാ ...
രാജൻ മണ്ണിൽ പിറന്നല്ലോ
താരം കണ്ടു ഗമിച്ചല്ലോ ...
ആ രാജാക്കന്മാർ മൂന്നുപേരും
ആരോ .. ആരാരോ ...

കൊട്ടാരത്തിൽ തിരഞ്ഞു നാഥനെ ...
കണ്ടില്ലാരുമാ കണ്മണിയെ
കാലിക്കൂട്ടിൽ പിറന്നു നാഥൻ ...
കന്യക തന്നുടെ പൊന്മണിയായ്
ആരോ .. ആരാരോ ...

തെന്നി ഒഴുകും താരം നോക്കി ...
ചെന്നവർ ബേതലഹേം പുരിയിൽ
കാലിക്കൂട്ടിൽ കണ്ടു നാഥനെ ...
കാഴ്ച്ചകളേകി വണങ്ങിയവർ
ആരോ .. ആരാരോ ...

## Song 20

ഹാലേലൂയ്യാ പാടീടാം ... ഹാലേലൂയ്യാ പാടീടാം
ഹാലേലൂയ്യാ ഹാലേലൂയ്യാ പാടി നാഥനെ വാഴ്ത്തീടാം

രാജാധിരാജനീശോ പാരിൽ പിറന്ന രാവിൽ
ബേതലഹേമിലെ പുൽക്കൂടു തന്നിലായ്
കന്യകമേരിതൻ പൊന്മകനായ്
(ഹാലേലൂയ്യാ പാടീടാം ..)

തൂമഞ്ഞു തൂകിടുന്ന രാത്രിയിൽ ആട്ടിടയർ
ക്ഷീണിച്ചുറങ്ങുന്ന നേരത്തു കേട്ടവർ
വാനവർ പാടും സ്തുതി ഗീതം
(ഹാലേലൂയ്യാ പാടീടാം ..)

താരങ്ങളേറെയുണ്ട് ആകാശവീഥിയതിൽ
എങ്കിലും താരപ്രഭയതു പോരാഞ്ഞ്
പ്രഭയേറും താരം ഉദിച്ചു വാനിൽ
(ഹാലേലൂയ്യാ പാടീടാം ..)

വാനദൂതഗണങ്ങൾ പാടിപ്പറന്നു നിന്നു
വിദ്വാന്മാർ മൂവരും കാഴ്ച്ചകളേകിയാ
നാഥനെ വാഴ്ത്തി വണങ്ങിടുന്നു
(ഹാലേലൂയ്യാ പാടീടാം ..)

## Song 21

ബേതലഹേമിലെ പുൽകൂടു തന്നിലായ്
രാജൻ പിറന്നതറിഞ്ഞതില്ലേ
പാതിരാ നേരത്തു മാനത്തു പുത്തനാം
താരമുദിച്ചതു കണ്ടതില്ലേ

ആരിലും ഉന്നതൻ യേശുവല്ലേ ഇവൻ
ആരാധിപ്പാനെന്നും യോഗ്യനല്ലേ
ആദാമിൻ മക്കളേ വന്നീടുക മോദം
ആർത്തൊന്നു പാടി വണങ്ങീടുക

സ്വർലോകനാഥനാ സ്വർഗ്ഗം വെടിഞ്ഞിങ്ങു
സ്വന്ത ജനത്തേയും തേടി വന്നു
സ്വന്തമായ് നമ്മേയും തീർത്തുവല്ലോ പാപ
ബന്ധത്തിൽ നിന്നുമകറ്റിയല്ലോ
(ആരിലും. . .)

മണ്ണിനാൽ നമ്മേ മെനഞ്ഞതാണെങ്കിലും
മണ്ണോടു മണ്ണങ്ങു ചേർക്കുകില്ല
മാലിന്യമെല്ലാം കഴുകിടും നമ്മേയും
മാറോടു ചേർത്തങ്ങു പുൽകുമല്ലോ
(ആരിലും. . .)

## Song 22

ഹാലേലുയ്യാ ഹാലേലുയ്യാ
ഹാലേലുയ്യാ പാടീടാം
ഹാലേലുയ്യാ ഹാലേലുയ്യാ
പാടി നാഥനെ വാഴ്ത്തിടാം (2)
(ഹാലേലുയ്യാ ഹാലേലുയ്യാ ..)

ബേതലഹേമിലെ പുൽക്കൂടു തന്നിലായ്
രാജനേശു പിറന്നല്ലോ
കന്നിമേരി മകനായ് ദൈവം
മണ്ണിൽ താണു പിറന്നല്ലോ (2)
(ഹാലേലുയ്യാ ഹാലേലുയ്യാ ..)

കിഴക്കങ്ങുദിച്ചൊരു താരത്തെ നോക്കിയാ
രാജാക്കന്മാരു വന്നല്ലോ
കുന്തിരിക്കവും പൊന്നും മൂരും
കാഴ്ചയേകി വണങ്ങീല്ലൊ (2)
(ഹാലേലുയ്യാ ഹാലേലുയ്യാ ..)

വാനദൂതഗണം പാടിപ്പറന്നിതാ
നാഥനെ സ്തുതി ചെയ്യുന്നു
ആട്ടിടയരും കേട്ടുണർന്നിതാ
ചാരേ വന്നു നമിക്കുന്നു (2)
(ഹാലേലുയ്യാ ഹാലേലുയ്യാ ..)

മന്നരിൽമന്നൻ മഹോന്നതപുത്രനീ
മണ്ണിതിൽ വന്നു പിറന്നുവല്ലോ
മാലിന്യമെല്ലാം കഴുകിയല്ലോ
മാനവരേ നമ്മൾ പാടീടുക (2)
(ഹാലേലുയ്യാ ഹാലേലുയ്യാ ..)

## Song 23

ദൈവം പിറന്നല്ലൊ ഭൂവിൽ പിറന്നല്ലൊ
പാപികൾക്കു രക്ഷയേകിടാൻ...ഹല്ലേലുയ്യ
സ്വർഗ്ഗം തുറന്നല്ലൊ ദൂതർ നിരന്നല്ലോ
രക്ഷകനെ വാഴ്ത്തിടുന്നല്ലൊ

താരമൊന്നുദിച്ചുയർന്നു
രാജനെ എതിരേൽക്കുവാൻ (2)
ശാസ്ത്രികൾ മൂവർ ചാരത്തു വന്നു (2)
പൊന്നു മൂരു കുന്തിരിക്കം കാഴ്ചകൾ വെച്ചു
(ദൈവം പിറന്നല്ലൊ...)

ഹലേലുയ്യ സ്തുതികൾ
ഇടയന്മാർ കേട്ടുണർന്നു (2)
പഴന്തുണിക്കുള്ളിൽ പരനെയും കണ്ടു (2)
പാദത്തിൽ നന്ദിയോടെ കുമ്പിടുന്നവർ
(ദൈവം പിറന്നല്ലൊ...)

മാനവരെ ഉണർന്നീടുക
മന്നവനെ വാഴ്ത്തീടുക (2)
മരണത്തിൻ പാശം അഴിഞ്ഞവൻ മൂലം (2)
സ്വർഗ്ഗ വാതിൽ നമുക്കായി തുറന്നുവല്ലൊ
(ദൈവം പിറന്നല്ലൊ...)

## Song 24

നാമൊന്നായ് കൂടി നവഗാനം പാടിയ
നാഥനെ വാഴ്ത്തീടാം
നാരിശിരോമണി നന്മ നിറഞ്ഞ
മറിയാമിൻ പുത്രനിതാ

ഹലേലൂയ്യാ ഗാനം പാടിടുന്നു
വാനദൂതഗണം പാടിടുന്നു (2)
ആട്ടിടയന്മാരും കൂട്ടമായ് വന്നിതാ
നാഥനെ വാഴ്ത്തി വണങ്ങിടുന്നു മോദാൽ
(നാമൊന്നായ് കൂടി ..)

അൽഭുത താരമുദിച്ചു വാനിൽ
ശാസ്ത്രികൾ മൂവരും കണ്ടുവന്നു (2)
പൊന്നു മൂരാദികൾ കാഴ്ചകളേകിയ
നാഥനെ വാഴ്ത്തി വണങ്ങിടുന്നു മോദാൽ
(നാമൊന്നായ് കൂടി ..)

പാപിക്കു രക്ഷ കൈവന്നുവല്ലോ
പാരിനു ശാന്തിയും വന്നുവല്ലോ (2)
പാപ പരിഹാരം പ്രാണനെ നൽകുവാൻ
പാരിൽ പിറന്നൊരു നാഥനെ വാഴ്ത്തിടാം
(നാമൊന്നായ് കൂടി ..)

## Song 25

തപ്പുകൊട്ടി പാടിടാം താളത്തിൽ നൃത്തമാടിടാം
താതനിഷ്ടം ചെയ്തിടുവാനായ്
താണുവന്നനാഥനെ നമുക്കു പാടിവാഴ്ത്തിടാം
പാരിലെങ്ങും തൻെറ നാമം പാടിഘോഷിക്കാം

കന്യകയിൽ വന്നുദിച്ച കനകതാരമാണിവൻ
കാൽവറിയിൽ നമ്മെ വീണ്ട
സ്നേഹഭോജ്യമാണിവൻ (2)

കനിവുതേടി വന്നിടുന്ന
കുരുടന്മാർക്കു കാഴ്ചയേകും
കരുണതൻ ഉറവയാണിവൻ (2)
(തപ്പുകൊട്ടി പാടിടാം ..)

അന്ധകാരം നീക്കിടുന്ന നീതിസൂര്യനാണിവൻ
ആട്ടിടയർ വാഴ്ത്തിടുന്ന ദൈവപുത്രനാണിവൻ
(2)
അലിവുതേടി വന്നിടുന്ന ആശ്രിതർക്കഭയമേകും
അരുമനാഥനേശുവാണിവൻ (2)
(തപ്പുകൊട്ടി പാടിടാം ..)

## Song 26

ഇടയർക്കിടയൻ വന്നു പിറന്നൂ
ബേതലഹേം പുരിയിൽ
രാജക്കന്മാർക്കധിപനിതല്ലോ യേശുമഹാരാജൻ
കന്യകതന്നുടെ കണ്മണിയായിതാ
കാലികൾ തൻ നടുവിൽ
കാരുണ്യത്തിൻ കലവറയാണീ കരുണാമയനീശൻ

അത്യുന്നതിയിൽ ദൈവമഹത്വം പാടിയ വാനവരും
ആടിനെ മേയ്ച്ചുനടന്നു വലഞ്ഞൊരു ആട്ടിടയന്മാരും
ഒന്നായ് ചേർന്നിതാ നാഥനുറങ്ങാൻ മെത്തയൊരുക്കുന്നു
പുൽ മെത്തയൊരുക്കുന്നു
(ഇടയർക്കിടയൻ ....)

സീനായ് മലയിൽ മുളച്ചുവളർന്നൊരു
മുൾച്ചെടി തന്നിലിതാ
ശാലേം പനിനീർ പൂവുവിടർന്നീ പാതിരനേരമതിൽ
സ്നേഹമെഴും നൽ പരിമളമാകെ പാരിലൊഴുക്കുന്നു
ഈ പാരിലൊഴുക്കുന്നു
(ഇടയർക്കിടയൻ ....)

## Song 27

ഒരുമയിലൊന്നായ് പോയീടാം
ഈശന്റെ സ്തോത്രം പാടീടാം
ദൈവത്തിൻ സുതൻ മണ്ണിൽ പിറന്നു
മാനവരേ നാം പാടീടാം
മന്നവനേശുവെ വാഴ്ത്തീടാം (2)

അഖില ചരാചര സൃഷ്ടികൾക്കുടയോൻ
അവതരിച്ചിന്നൊരു പുൽക്കൂട്ടിൽ (2)
ആട്ടിടയന്മാർ കേട്ടാ രാവിൽ
മധുരമനോഹര സുരഗീതം
വാനവർ പാടിയ സ്തുതി ഗീതം
(ഒരുമയിലൊന്നായ് ..)

അങ്ങു കിഴക്കാ നീലാകാശ–
ത്തൽഭുത താരമുദിച്ചതു കണ്ടു (2)
രാജാക്കന്മാർ ചാരേ വന്നു
നാഥനെ വാഴ്ത്തി വണങ്ങുന്നു
കാഴ്ചകളേകി വണങ്ങുന്നു
(ഒരുമയിലൊന്നായ് ..)

## Song 28

മഹിമയെഴും മഹാരാജൻ
മണ്ണിതിൽ പിറന്നു
മാനവരിൽ സംപ്രീതനായ്
മിശിഹാ മണ്ണിലവതരിച്ചു (2)

മഹത്വമേകാൻ മാനവരെ
മാനവ രക്ഷകനാഗതനായ്
മണ്ണിൽ സമാധാന വാഹകനായ്
മിശിഹാ മണ്ണിലവതരിച്ചു

പ്രതീക്ഷയിൻ പുതു കിരണമതാൽ
പ്രഭയാമയൻ തൻ ഉദയദിനം
പ്രഭുവായ് നന്മയിൻ നായകനായ്
പാരിൽ പിറന്നു പരാപരൻ
(മഹത്വമേകാൻ ..)

നിരാശയിൽ വീണുഴലുവതാം
നരർക്കു സ്വാന്തന സാന്നിദ്ധ്യം
നേർവഴി കാട്ടും നല്ലിടയൻ
നന്മക്കടലാം നിരാമയൻ
(മഹത്വമേകാൻ .. മഹിമയെഴും)

## Song 29

ആ... ആ... ആ... ആ... ആ (2)
പുത്തൻ പുലരി വിടർന്നു പാരിൽ
പുതിയൊരു ഗാനം ഉയർന്നു (2)
ബേത്‌ലഹേമിലെ കല്ലിൻ ഗുഹയിൽ
ഹല്ലേലുയ്യാ സ്തുതി നാദം (2)

വരവേൽക്കുന്നവനെ വരവേറ്റിടുക നാം
വിണ്ണിൽ ദൈവം പിറന്നതിനാൽ (2)
ഇന്നിതാ പുൽക്കൂടതിൽ
വന്നിതാ രക്ഷകനായ്     (ആ... ആ...)

ആകാശത്തിൽ വർണ്ണ ദീപശിഖ
പൊൻ താലത്തിൽ താര നിരനിരയായ് (2)
അഗ്നിമയന്മാർ ചേരും നിരയിൽ
മശിഹാമന്നനാഗമനം
മശിഹാമന്നനാഗമനം
(ആ... ആ... /വരവേൽക്കുന്നവനെ..)

ആട്ടിടയർ കേട്ടൊരശിരീരി
ആശിഷമായ് ദൂദരണിയണിയായ് (2)
മിന്നും പ്രഭയാൽ ദൈവ മഹത്വം
മാനവർ ഇടയിൽ സംപ്രീതി
മാനവർ ഇടയിൽ സംപ്രീതി
(ആ... ആ... /വരവേൽക്കുന്നവനെ..)

## Song 30

മേലേ വാനിൽ ദൂരെ താരം
കിഴക്കുദിച്ചൊരു പുതിയൊരു പൊൻതാരം
വിണ്ണിൽ പൊന്നിൻ താലവുമേന്തി
കണ്ണു ചിമ്മിടും പൈതലേ വരവേൽക്കാൻ

താഴെ ഭൂവിൽ കതിരുകൾ വിതറി
നവയുഗ സൂര്യനുദിച്ചു
മഞ്ഞിൻ മലകൾ രവിതൻ രശ്മികൾ
പുണരും പുഞ്ചിരി തൂകി
മന്നിൽ മാനവർ അഹ്ലാദത്തിൻ ഭേരിമുഴക്കിയിതാ
ബേത്‌ലഹേമിൽ ജാതം ചെയ്തൊരു
മശിഹാ മന്നവനായ് ... ഓഹോ മശിഹാ മന്നവനായ്
(മേലേ വാനിൽ ...)

ചില്ലകൾ വീശുന്നൊലിവിൻ തരുവീന്നുയരും സംഗീതം
പുഞ്ചിരി പുൽകും താരാട്ടുകളാൽ പരിമളമുതിരുകയായ് (2)
കള കള ഗീതികളാലേ... അരുവികൾ സരിഗമ സ്വരമായ്
രാക്കിളികൾ ശ്രുതികൾ പാടുന്നു
വരവേറ്റിടുവാൻ ... സുരനാഥനവൻ
മശിഹാ മന്നവനായ് (2) (മേലേ വാനിൽ ...)

വിണ്ണിൽ താരം തെളിച്ചു നല്കിയ പുതുവഴി നേർവഴിയാം
മന്നിൽ മാനവരുള്ളിൽ പുതിയൊരു മർഗ്ഗമതായരികിൽ
വിദ്വാന്മാരവർ ഒന്നായ് ... ഇരുളിൻ വഴിയവർ തെളിവായ്
പുൽക്കൂടിലിൽ ആഗതരാകുന്നു
സ്തുതിയേറ്റിടുവാൻ ... സുരനാഥനവൻ
തിരുമുൽക്കാഴ്ചകളാൽ (2) (മേലേ വാനിൽ)

## Song 31

മഞ്ഞേറ്റു വിരിയുന്ന രാപ്പൂക്കളല്ല
രജനീ ലില്ലിയല്ല
ഈ ശുഭരാത്രിയിൽ സ്വർഗ്ഗം വിടർത്തിയ
തിരു ഹൃദയപ്പൂവല്ലോ – ഈ
തിരു ഹൃദയപ്പൂവല്ലോ

മണ്ണിൻ വിശുദ്ധിയും സ്വർഗ്ഗ ലാവണ്യവും
യേശുവിൽ സംഗമിച്ചു –
ഉണ്ണിയേശുവിൽ സംഗമിച്ചു
ആത്മാവിനിതളിലെ പരിമളം കൊണ്ടവൻ
നമ്മെയനുഗ്രഹിച്ചു
കാരുണ്യശീലനാം ദൈവത്തിൻ സ്നേഹമീ
ഭൂമിയെ ആശ്ലേഷിച്ചു
ഭൂമിയെ ആശ്ലേഷിച്ചു (മഞ്ഞേറ്റു വിരിയുന്ന ..)

സഹനത്തിൻ സൗന്ദര്യം ആ ചാരുരൂപത്തിൽ
മുദ്രിതമായിരുന്നു
അന്നേ മുദ്രിതമായിരുന്നു
പങ്കില ജന്മങ്ങൾ വിമലമാക്കാൻ ദയ
സൗരഭ കാറ്റുണർന്നു
ശാന്ത സ്വരൂപനാം യേശുവിൻ ഉൾത്തടം
നമ്മളിൽ കൃപ ചൊരിഞ്ഞു
നമ്മളിൽ കൃപ ചൊരിഞ്ഞു (മഞ്ഞേറ്റു വിരിയുന്ന ..)

## Song 32

ജന്മാഹേ മുക്തി ദാതാ ഹമാരാ
ജന്മാഹേ മറിയം കാ പ്യാരാ

ബേതലഹേം കെ ഗോശാലെ മേ (2)
ചരണി മേ ലേട്ടാ ദുലാര ഹമാരാ
(ജന്മാഹേ മുക്തി..)

ഈശു മശിഹ തും സബ്സേ ന്യാരേ
ഭക്ത ജനോം കെ താരൺ ഹാരേ

ബിൻ തുമരേ.. ബിൻ തുമരേ
അബ്ന ഗുസാരാ ഹമാരാ
ജന്മാഹേ മറിയം കാ പ്യാരാ
(ജന്മാഹേ മുക്തി..)

പാപോം കേ ബന്ധൻ സേ മുക്തി ദിലാനേ
ജീവൻ കി സച്ചി രാഹ് ബതാനേ

തുംഹി തൊ.. തുംഹി തൊ
ഹൊഅബ് സഹാര ഹമാരാ
ജന്മാഹേ മറിയം കാ പ്യാരാ
(ജന്മാഹേ മുക്തി..)

## Song 33

ചമകാ സിതാര ആജ് ചരണി മേ
പൈതാ ഹുവാ ഹേ യീശു ചരണി മേ (2)
ഗാവോ ഹാലേലുയ്യ...ഗാവോ ഹാലേലുയ്യ
യീശു രാജാ പൈതാ ഹുവാ ഹാലേലുയ്യ (2)

ജോ യീശു കേ കദമോംപേ ആത്താ ഹൈ
നസാത് ഔർ സിന്ദഗി പാത്താ ഹൈ
കരൊ തൗബാ ആജ് അപ്നേ പാപോം സേ
യീശു ആജ് തുച്കോ ബുലാത്താ ഹൈ (2)
(ചമകാ സിതാര....)

ആവോമിൽകർ ഖുശിയാം മനായേ ഹം
ഉസ്കേ നാംസേ പാക് ഹോ ജായേ ഹം
പാക് രൂഹ് കീ കുദ്രത് ഹം പാർ ഹോ
യീശു നാം സേ സിന്ദഗി പായേ ഹം (2)
(ചമകാ സിതാര....)

അബ്ഹോ താരിഫ് ഖുദാവന്ദ് കി
ഭേജാ യീശു ഹംകോ ബചാനേ കോ
ഉസ്കേകദമോം പേ ആകേഗാവോ ഹാലേലുയ്യ
യീശു രാജാ പൈതാ ഹുവാ ഹാലേലുയ്യ (2)
(ചമകാ സിതാര....)

## Song 34

Oh come all ye faithful, joyful and triumphant
Oh come ye, oh come ye to Bethlehem
Come and behold him, born the king of angels

Oh come let us adore him (3)
Christ the Lord

Yee Lord we greet Thee,
Born this happy morning
Jesus to Thee be all glory given
Word of the Father now in flesh appearing

Oh come let us adore him (3)
Christ the Lord

## Song 35

Joy to the world, the Lord has come!
Let earth receive her King!

Let ev'ry heart, prepare him room
And heaven and nature sing
And heaven and nature sing
And heaven - and heaven and nature sing

Joy to the earth, The Savior reigns!
Let men their songs employ!
While fields and floods, rocks, hills and plains
Repeat the sounding joy
Repeat the sounding joy
Repeat - repeat the sounding joy

## Last Page

പുതുവൽസരാശംസകൾ നിങ്ങൾക്ക്
പുതുവൽസരാശംസകൾ
നവയുഗപിറവിയിൽ നന്മകൾ നേരുന്നു
നവവൽസരാശംസകൾ..ഞങ്ങളുടെ
നവവൽസരാശംസകൾ

രണ്ടായിരം ആണ്ടു മുമ്പു പിറന്നീശന്റെ
അനുഗ്രഹമീ ഭവനം
തന്നിലുണ്ടാകട്ടെ ഇതിൽ വസിക്കുന്നോരെ
കാത്തിടേണം കൃപയാൽ
ഇന്നുമെന്നും കാത്തിടേണം കൃപയാൽ

മെറി ക്രിസ്തുമസ് ... ഹാപ്പി ന്യൂഇയർ
മെറി ക്രിസ്തുമസ് ... ഹാപ്പി ന്യൂഇയർ

---------------------------------

സർവ്വ ജനത്തിനും ഉണ്ടാകുവാനുള്ളോരു മഹാ സന്തോഷം ഞങ്ങൾ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നമുക്കായി ജനിച്ചിരിക്കുന്നു. ഹല്ലേലുയ്യ...ഹല്ലേലുയ്യ...ഹല്ലേലുയ്യ...